LIBRARY ARCHIVES Kerala Legislative Assembly

ഫ്ലാറ്റുകളുടെ ഫയർ ലൈസൻസ് ഫീസ്

327 (305) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റുകൾക്ക് ഫയർ ലൈസൻസ് എടുക്കേണ്ടുന്ന ചുമതല ആരുടേതാണ്; അത് നിർമ്മാണത്തിനു മുമ്പ് എടുക്കേണ്ടതാണോ;

(ബി) ഫയർ ലൈസൻസ് ഫീസിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ , എത്രയിൽ നിന്ന് എത്രയായി കുറച്ചുവെന്നും അതിന് ഏത് തീയതി മുതൽ പ്രാബല്യം ഉണ്ടെന്നും ആരുടെ അപേക്ഷയിന്മേലാണ് ഇപ്രകാരമൊരു തീരുമാനം എടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ:

(സി) പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ ആവശ്യം ഉയർന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെട്ടിട ഉടമയ്ക്കാണ് ഫ്ലാറ്റുകൾക്ക് ഫയർ എൻ.ഒ.സി. എടുക്കേണ്ട ചുമതല. നിർമ്മാണത്തിന് മുമ്പ് സൈറ്റ് എൻ.ഒ.സി. എടുക്കേണ്ടതാണ്.

(ബി) ഉണ്ട്. CREDAI എന്ന ബിൽഡേഴ്സ്/അസോസിയേഷന്റെ അപേക്ഷയിന്മേൽ 23-12-2014-ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 267/2014/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഉയർത്തിയ ഫീസ് 26-8-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 185/15/ആഭ്യന്തരം ഉത്തരവുപ്രകാരം ഇളവ് വരുത്തുകയും 23-12-2014- ലെ സർക്കാർ ഉത്തരവുപ്രകാരം സൈറ്റ് NOC-ക്കായി ഉയർന്ന ഫീസ് ഒടുക്കിയ അപേക്ഷകർക്ക് 26-8-2015 ലെ സർക്കാർ ഉത്തരവുപ്രകാരം ഫൈനൽ എൻ.ഒ.സി. ഫീസിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഉയർത്തിയ നിരക്കും കുറവ് വരുത്തിയ നിരക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഉണ്ട്. ഈ വിഷയത്തിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

ഫയർസ്റ്റേഷന് സ്വന്തമായ കെട്ടിടം

328 (306) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർസ്റ്റേഷന് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ആ സ്ഥലം എവിടെയാണെന്നും, ഏതു വകുപ്പിന്റെ സ്ഥലമാണെന്നും വ്യക്തമാക്കാമോ;

(സി) സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) കഴൽമന്ദം വില്ലേജ് ബ്ലോക്ക് 17 -ൽ റീസർവ്വേ നമ്പർ 672/6 ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുണ്ട്.

(സി) സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഒപ്പിട്ട റിക്വസിഷൻ ഫോറം ജില്ലാകളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ സ്ഥലം അനുവദിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതിനായി തിരുവനന്തപുരം ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സബ് ഇൻസ്പെക്ടർ ഡിസ്ട്രിക്ട് ആംഡ് റിസർവ്

329 (307) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സബ്ഇൻസ്പെക്ടർ ഡിസ്ട്രിക്ട് ആംഡ് റിസർവ്വിന്റെ അംഗീകൃത അംഗബലം 10-12-2010 തീയതി വരെ എത്രയായിരുന്നു;

(ബി) ടി വകുപ്പിൽ സബ് ഇൻസ്പെക്ടർ ഡിസ്ട്രിക്ട് ആംഡ് സർവ്വീസിന്റെ എത്ര പുതിയ തസ്തികകൾ 10-12-2010-നു ശേഷം സൃഷ്ടിച്ചിട്ടുണ്ട്; എത്ര നിയമനങ്ങൾ ടി തീയതിയ്ക്കു ശേഷം നടത്തിയിട്ടുണ്ട്;

(സി) പോലീസ് വകുപ്പിലെ ടി തസ്തിക നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 236.

(ബി) 10-12-2010-ന് ശേഷം ആംഡ് റിസർവ്വിൽ സബ് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ടി തീയതിക്ക് ശേഷം ടി തസ്തികയിൽ 130 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 10-12-2010-ലെ സ.ഉ.(പി) നമ്പർ 268/2010 ആഭ്യന്തരം ഉത്തരവിന് 1-4-2010 മുതൽ നോഷണൽ ഇഫക്ട് ഉള്ളതാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly